# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ മുഖപത്രം)



'അലകൾ' വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക

അലകൾ തപാലിൽ ലഭിക്കാൻ 100 രൂപ മണിയോർഡറായി അയക്കുക

വിലാസം

മാനേജർ, അലകൾ, ട്യൂട്ടേഴ്സ് ലെയിൻ, സ്റ്റാച്യൂ, തിരുവനന്തപുരം - 695 001



പുസ്തകം 5 ലക്കം 22 ⏩ തിരുവനന്തപുരം ⏩ 1 ഫെബ്രുവരി 2017 www.alakal.net വില 2 രൂപ


# ട്രോളിംഗ് നിരോധനം അട്ടിമറിക്കാൻ ഉദ്യോഗസ്ഥ തലത്തിൽ അണിയറ നീക്കം

തിരുവനന്തപുരം: മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരമ്പരാഗത ചെറുകിട മീൻപിടിത്തക്കാരെ സംരക്ഷിക്കാനും തീരക്കടലിലെ സംഘർഷങ്ങൾ ഒഴിവാക്കാനുമാണ് മത്സ്യപ്രജനന കാലമായ ജൂൺ 15 മുതൽ ജൂലായ് 31 വരെ 45 ദിവസത്തേക്ക് കേരള കടലിൽ യന്ത്രവൽകൃത ട്രോളിംഗ് മത്സ്യബന്ധനം നിരോധിച്ചുവരുന്നത്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ 90 ദിവസത്തേക്ക് ട്രോളിംഗ് നിരോധിക്കണമെന്നാണ് പരമ്പരാഗത മത്സ്യതൊഴിലാളികൾ നിരന്തരം ആവശ്യപ്പെടുന്നത്. നിരവധി ശാസ്ത്രീയ പഠനങ്ങളുടെ വെളിച്ചത്തിലാണ് 1987–ൽ ഇടതുപക്ഷ സർക്കാർ കേരളത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്. ട്രോളിംഗ് നിരോധനം മൂലം മത്സ്യസമ്പത്ത് ഗണ്യമായി വർദ്ധിച്ചുവെന്ന് നിരവധി ശാസ്ത്രീയ പഠനങ്ങൾ ഇതിനകം വെളിപ്പെടുത്തുകയുമുണ്ടായി.

കേരളത്തിലെ ഈ ട്രോളിംഗ് നിരോധനം കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ 62 ദിവസത്തേയ്ക്ക് എല്ലാ തീരദേശ സംസ്ഥാനങ്ങളിലും മൺസൂൺ കാലയളവിൽ ട്രോളിംഗ് ഉൾപ്പെടെയുള്ള മത്സ്യബന്ധനം നിരോധിക്കുവാൻ ഉത്തരവിറക്കിയിരിക്കുന്നത്. മറ്റു പല സംസ്ഥാനങ്ങളിലും 62 ദിവസത്തെ ട്രോളിംഗ് നിരോധനം നിലനിൽക്കുമ്പോഴാണ് കേരളത്തിലെ ചില ഉന്നത ഫിഷറീസ് ഉദ്യോഗസ്ഥരും ചില ശാസ്ത്രജ്ഞരും ചേർന്ന് ട്രോളിംഗ് നിരോധനം അട്ടിമറിക്കാൻ ശ്രമിക്കുന്നത്. അവർ പറയുന്നതാകട്ടെ ജൂൺ 16 മുതൽ ജൂലൈ 15 വരെ 30 ദിവവും ഒക്ടോബർ16 മുതൽ നവംബർ 15 വരെ 30 ദിവസവും ട്രോളിംഗ് നിരോധിക്കണമെന്നാണ്.

സാധാരണഗതിയിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ തെളിഞ്ഞ കടലായതിനാൽ മത്സ്യം തീരെ ലഭിക്കാത്ത കാലമാണ്. പലപ്പോഴും ഇന്ധന ചെലവിനുപോലും മത്സ്യം ലഭിക്കാറില്ലെന്നും അതുകൊണ്ടുതന്നെ ഈ കാലയളവിൽ നിരവധി ട്രോളിംഗ് ബോട്ടുകൾ കടലിൽ ഇറക്കാറില്ലെന്നും പറയപ്പെടുന്നു. മൺസൂൺ കാലയളവിലെ 45 ദിവസത്തെ ട്രോളിംഗ് നിരോധനം 30 ദിവസമായി കുറയ്ക്കുവാനുള്ള നിർദ്ദേശത്തിന് യാതൊരു ശാസ്ത്രീയ അടിത്തറയും ഇല്ലെന്നാണ് ഈ മേഖലയിലെ പല വിദഗ്ധരുടെയും അഭിപ്രായം.

നിലവിലുള്ള 45 ദിവസത്തെ ട്രോളിംഗ് നിരോധനത്തോടൊപ്പം ഒക്ടോബർ, നവംബർ മാസങ്ങളിൽ ഒരു മാസത്തേയ്ക്കു കൂടി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിൽ പരമ്പരാഗത മീൻപിടിത്ത സമൂഹത്തിന് എതിർപ്പില്ലെന്നും അതേസമയം നിലവിലെ ട്രോളിംഗ് നിരോധന കാലയളവിൽ നിന്നും ഒരു ദിവസത്തേക്ക് പോലും കുറവ് വരുത്തിയാൽ മത്സ്യതൊഴിലാളികൾ ഒന്നടങ്കം പ്രക്ഷോഭസമരത്തിന് ഇറങ്ങുമെന്നാണ് ട്രേഡ് യൂണിയൻ നേതാക്കൾ പറയുന്നത്. ഇത് സംബന്ധിച്ച് കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പ് നടത്തിയ ശില്പശാലകളിൽ പരമ്പരാഗത മീൻപിടിത്തക്കാർ അവരുടെ ശക്തമായ നിലപാട് വ്യക്തമാക്കുകയും ചെയ്തിരുന്നു.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യുവാനുള്ള നിർദ്ദേശങ്ങളിലാണ് ഓരോ മാസം വീതം രണ്ട് കാലയളവിലേക്ക് ട്രോളിംഗ് നിരോധനം പറഞ്ഞിരിക്കുന്നത്. മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി ട്രോളിംഗ് നിരോധനം വേണമെന്ന് നിയമത്തിൽ പറയാം. പക്ഷെ കാലയളവ് പറയുന്നത് പ്രായോഗികമാണോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഇപ്പോൾ മൺസൂൺ ട്രോളിംഗ് നിരോധനം ഒരു മാസമായി ചുരുക്കിക്കൊണ്ട് നിയമം കൊണ്ടുവന്നാൽ പിന്നെ മാറ്റുവാൻ കടമ്പകൾ പലതും കടക്കേണ്ടതായും വരും.

ഇടതുപക്ഷ സർക്കാരിന്റെ വിപ്ലവകരമായ തീരുമാനമായിരുന്നു 45 ദിവസത്തേയ്ക്കുള്ള മൺസൂൺ കാലട്രോളിംഗ് നിരോധനം. ഇടതുപക്ഷ സർക്കാർ തന്നെ വീണ്ടും അതിൽ വെള്ളം ചേർക്കാൻ ഇടവരുത്തുന്നത് ചരിത്രപരമായ വിഢ്ഢിത്തമാകില്ലെയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ചില ഉദ്യോഗസ്ഥർക്കും ചില ശാസ്ത്രജ്ഞർക്കും മറ്റ് ചില സ്ഥാപിത താല്പര്യക്കാർക്കും ഇത്തരത്തിലൊക്കെ നിർദ്ദേശിക്കാം. എന്നാൽ രാഷ്ട്രീയ തീരുമാനം കൈക്കൊള്ളേണ്ടത് ഇടതുപക്ഷ മുന്നണിയും സംസ്ഥാന സർക്കാരുമാണ്. ലോകസഭാ തെരഞ്ഞെടുപ്പിന് രാഷ്ട്രീയ പാർട്ടികൾ തയ്യാറെടുപ്പുകൾ നടത്തിവരുന്ന ഈ വേളയിൽ ട്രോളിംഗ് നിരോധനത്തിൽ ഇളവ് വരുത്തിക്കൊണ്ട് പരമ്പരാഗത മീൻപിടിത്ത സമൂഹത്തിന്റെ എതിർപ്പ് സമ്പാദിക്കാൻ ഇടതുപക്ഷ മുന്നണി തയ്യാറാകില്ലെന്നാണ് ഈ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരുടെ നിഗമനം. നിലവിലുള്ള മൺസൂൺ കാല ട്രോളിംഗ് നിരോധനത്തിൽ ഇളവ് വരുത്താൻ മുഖ്യമന്ത്രി പിണറായി വിജയനും ഫിഷറീസ് വകുപ്പു മന്ത്രി മേഴ്സിക്കുട്ടിയമ്മയും തയ്യാറാകില്ലായെന്ന് നമുക്ക് പ്രത്യാശിക്കാം. അതേ സമയം വിദേശ മീൻപിടിത്ത കപ്പലുകളെ ഇൻഡ്യൻ കടലിൽ നിരോധിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതും പരമ്പരാഗത–ചെറുകിട മീൻപിടിത്ത സമൂഹത്തിന്റെ നിലനിൽപിന് ഉതകുനന തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും ഇടതുപക്ഷ സർക്കാരിന്റെ കടമയാണെന്ന വസ്തുത വിസ്മരിക്കരുത്.

## മത്സ്യഫെഡിന്റെ പാഴ്ചെലവ് 40 കോടി

തിരുവനന്തപുരം:സംസ്ഥാനത്തെ മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട മത്സ്യഫെഡിൽ വൻക്രമക്കേടുകൾ നടക്കുന്നതായി റിപ്പോർട്ട്. ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറായ ഫിഷറീസ് ഡയറക്ടർക്ക് ലഭിച്ച പരാതികളിൽ സഹകരമണ നിയമപ്രകാരം ദക്ഷിണമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറാണ് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത്. ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിൽ കേരള സംസ്ഥാന മത്സ്യവികസന ഫെഡറേഷന്റെ (മത്സ്യഫെഡ്) ഭരണസമിതിയെ പ്രതിക്കൂട്ടിലാക്കുന്ന ക്രമക്കേടുകൾ കണ്ടെത്തി. മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കിയാൽ പാഴ്ചെലവിന്റെയും നഷ്ടത്തിന്റെയും കണക്ക് വർധിക്കും.

അനധികൃത നിയമനം, അനധികൃത നിർമ്മാണം, പലിശരഹിത വായ്പ തുക മാറ്റൽ, വിവിധ ഏജൻസികളിൽ നിന്നുള്ള വായ്പയും ഗ്രാന്റും നിബന്ധനകൾ ലംഘിച്ച് വകമാറ്റൽ തുടങ്ങിയവയാണ് കണ്ടെത്തിയത്. ഇതിലെല്ലാം അഴിമതിയും സ്വജനപക്ഷപാതവും ഉണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുംവഴി സ്ഥിരം നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും നടത്തണമെന്നാണ് വ്യവസ്ഥ. നിലവിലെ ഭരണസമിതിയുടെ കാലത്ത് 148 പേരുടെ കരാർ നിയമനവും 98 പേരുടെ ദിവസവേതന നിയമനവും നടത്തി. ഇവർക്ക് വേതനം നൽകിയതിലൂടെ 4.85 കോടി രൂപ പാഴ്ചെലവായി. കരാർ വ്യവസ്ഥയിൽ 675 പേർക്കും ദിവസവേതന വ്യവസ്ഥയിൽ 1093 പേർക്കും പുനർനിയമനം നൽകിയതിലൂടെ 26.13 കോടി രൂപയുടെ പാഴ്ചെലവുമുണ്ടായി. 111 പേരെ മുമ്പത്തെ എം.ഡി. തന്നിഷ്ടപ്രകാരം സ്ഥിരപ്പെടുത്തി. ഭരണസമിതി ഇതിന് സാധൂകരണം നൽകി. ജോലിക്ക് ഹാജരാകാത്ത ദിവസവേതനക്കാർക്കും ശമ്പളം ലഭിച്ചു. ബിവറേജസ് കോർപ്പറേഷന്റെ വാഹനം ഓടിച്ചയാൾക്ക് മത്സ്യഫെഡ് ശമ്പളം നൽകി.

തിരുവനന്തപുരത്ത് മുട്ടത്തറയിൽ അനധികൃതമായി നിർമ്മിച്ച വല ഉൽപ്പാദനഫാക്ടറി പ്രവർത്തിപ്പിക്കാനാകുന്നില്ല. ഇതിന്റെ ശിലാസ്ഥാപനത്തിലും ഉദ്ഘാടനത്തിനുമായി 10 ലക്ഷത്തിലേറെ രൂപ ചെലവിട്ടു. മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ വിതരണത്തിൽ പൂർണ്ണ അലംഭാവം കാട്ടി. ആറാട്ടുപുഴ ഫിഷ്മീൽ പ്ലാന്റ് നിർമ്മാണപ്രവർത്തനം അനിശ്ചിതകാലം നീട്ടിക്കൊണ്ടുപോയതിനാൽ 5.21 കോടി രൂപയുടെ നഷ്ടമുണ്ടായി. പറവൂർ പവർ ഗ്ലൂക്കോസിൽ പ്ലാന്റ് നിർമ്മാണത്തിന് ഇരട്ടി അടങ്കൽ അനുവദിക്കുക വഴി 3.25 കോടി രൂപ നഷ്ടപ്പെടുത്തി. കേന്ദ്രസ്ഥാപനങ്ങളിൽ നിന്നടക്കമുള്ള വായ്പയും ഗ്രാന്റും ദുരുപയോഗം ചെയ്തു. ഭരണസമിതി അംഗങ്ങൾക്ക് പ്രതിഫലമില്ലെന്ന് വ്യവസ്ഥ നിലനിൽക്കെ ചെയർമാൻ ഓണറേറിയം കൈപ്പറ്റി. സ്ഥാപനത്തിന്റെ വാഹനങ്ങളുടെ ഭൂരിപക്ഷവും ഭരണ സമിതി അംഗങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. വിശദമായ രേഖകൾ അടങ്ങിയ റിപ്പോർട്ടാണ് അന്വേഷണ ഉദ്യോഗസ്ഥൻ വി. മനോമോഹനൻ കൈമാറിയിട്ടുള്ളത്.

## ലോക മത്സ്യതൊഴിലാളി സമ്മേളനം നവംബർ 15 – 21, ന്യൂഡൽഹിയിൽ

മുംബൈ: നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറവും കനേഡിയൻ ഫിഷർമെൻ അസോസ്സിയേഷനും ചേർന്ന് 1997–ൽ ന്യൂഡൽഹിയിൽ വിളിച്ചു ചേർത്ത സമ്മേളനത്തിൽ 32 രാജ്യങ്ങളിലെ മത്സ്യതൊഴിലാളി സംഘടനാ പ്രതിനിധികൾ പങ്കെടുക്കുകയും ലോക മത്സ്യതൊഴിലാളി ഫോറത്തിന് രൂപം നൽകുകയും ചെയ്തു. ചരിത്രപരമായ ഈ സമ്മേളനമാണ് നവംബർ 21 ലോക മത്സ്യതൊഴിലാളി ദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. വേൾഡ് ഫോറം ഓഫ് ഫിഷർ പീപ്പിൾസിന്റെ 20–ാം വാർഷികം നവംബർ 15 മുതൽ 21 വരെ ന്യൂഡൽഹിയിൽ ചേരുമ്പോൾ 50 രാജ്യങ്ങളിലെ മത്സ്യതൊഴിലാളി സംഘടനാ പ്രതിനിധികൾ പങ്കെടുക്കുമെന്ന് WFFP സെക്രട്ടറി ജനറൽ നസീഗ് ജാഫർ അറിയിച്ചു. ജനുവരി 18,19 തീയതികളിൽ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുകയും ലോക മത്സ്യതൊഴിലാളി സമ്മേളനം വിജയിപ്പിക്കുവാനുള്ള ഒരുക്കങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. സമ്മേളനത്തിന്റെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾക്ക് രൂപം നൽകുകയും ആഗസ്റ്റ് 21 ന് എല്ലാ മത്സ്യതൊഴിലാളി ഗ്രാമങ്ങളിലും ഫണ്ട് പിരിവ് നടത്തുവാനും, ഓരോ മത്സ്യതൊഴിലാളിയിൽ നിന്നും ഒന്നോ ഒന്നിലധികമോ മത്സ്യം സ്വരൂപിക്കുവാനും അതു വില്പന നടത്തി ലഭിക്കുന്ന തുക എൻ.എഫ്.എഫിന്റെ അക്കൗണ്ടിലേക്ക് അയച്ചുകൊടുക്കുവാനും തീരുമാനിച്ചു. എല്ലാ തീരദേശ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യതൊഴിലാളി സമൂഹത്തിന്റെ തനതു കലാരൂപങ്ങൾ ന്യൂഡൽഹിയിലെ സമ്മേളന വേദിയിൽ അവതരിപ്പിക്കുവാനും ഫിഷറീസ് എക്സിബിഷൻ സംഘടിപ്പിക്കുവാനും തീരുമാനിച്ചതായി നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ചെയർപേഴ്സണൻ നരേന്ദ്ര പാട്ടീൽ, ജനറൽ സെക്രട്ടറി ടി. പീറ്റർ എന്നിവർ അറിയിച്ചു.



'സമരം നടക്കുമ്പോൾ വീട്ടിലിരിക്കുന്നവരും അതിനെ തള്ളിപ്പറയുന്നവരുമാണ് മലയാളികൾ. കേരളത്തിൽ ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിലാളികൾ നടത്തിയ സമരത്തിനെതിരെ പലരും എതിർത്ത് സംസാരിച്ചത് നാം കണ്ടതാണ്. അവർ പിടിക്കുന്ന മത്സ്യം അവർ മാത്രമല്ല കഴിക്കുന്നതെന്ന് ആരും ഓർത്തില്ല'

*പ്രശസ്ത സിനിമാതാരം മമ്മൂട്ടി*

# വേണം തീരഭാഷയ്ക്കായ് ഒരു കരുതൽ

റോബർട്ട് പനിപ്പിള്ള (ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്)

**ആമുഖം**

മനുഷ്യൻ ആശയ വിനിമയത്തിനായി ആംഗ്യങ്ങളും ശബ്ദങ്ങളും ഉപയോഗിച്ചതിന്റെ തുടർച്ചയായാണ് ഭാഷ ജന്മം കൊണ്ടത് എന്നാണ് സങ്കല്പം. മനുഷ്യന്റെ സാംസ്കാരിക പൈതൃകത്തിന്റെയും ഭൗതിക പുരോഗതിയിലൂടെയും ഏറ്റവും നല്ല തെളിവുകളിലൊന്നാണ് ഭാഷയുടെയും ഭാഷ രേഖപ്പെടുത്താനുള്ള അടയാളങ്ങളായ അക്ഷരങ്ങളുടെയും (ലിപി) കണ്ടുപിടിത്തം എന്നതിൽ പണ്ഡിതർക്കിടയിൽ രണ്ടഭിപ്രായം ഉണ്ടാവാനിടയില്ല. ഭാഷയുടെ ലിഖിത രൂപമായ അക്ഷരത്തിന്റെ (വരമൊഴി/ലിപി) അർത്ഥം മാനവചരിത്രത്തിൽ ഭാഷയുടെ പ്രാധാന്യം വിളിച്ചോതുന്ന ഏറ്റവും നല്ല ഉദാഹരണമാണ്. 'ക്ഷരം' എന്നാൽ നശിക്കുന്നു. അപ്പോൾ അക്ഷരം എന്നാൽ നശിക്കാത്തതെന്തോ അതുതന്നെ. ചുരുക്കത്തിൽ സ്ഥായിയായ അറിവാണ് അക്ഷരം.

ലോകത്ത് വികസിതമായ എല്ലാ ഭാഷകളുടെയും വരമൊഴി ഉണ്ടാകുന്നതിന് മുമ്പേ വാമൊഴിയാണ് ഉണ്ടായതെന്നു കരുതപ്പെടുന്നു. പിന്നീട് പ്രകൃതിയിലെ വസ്തുക്കളെ ചിത്രങ്ങളിലൂടെ ആവിഷ്കരിക്കാൻ മനുഷ്യൻ പ്രാപ്തനായി. ഈജിപ്തിലെ പ്രാചീന ചിത്രലിപികളും മൊസപ്പെട്ടാമിയ, മോഹൻ ജെദാരോ, ഹാരപ്പാ എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ലിപികളും പഠന വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ വരമൊഴിക്ക് (ലിപി) അയ്യായിരത്തോളം വർഷമേ പഴക്കമുള്ളുവെന്ന് വിദഗ്ദ്ധർ കണ്ടെത്തിയിട്ടുണ്ട്. ചുരുക്കത്തിൽ വരമൊഴികളുടെ ചരിത്രം അയ്യായിരം വർഷത്തിനുള്ളിലൊതുങ്ങുമെങ്കിൽ വാമൊഴികൾ അതാതു ഭാഷാസമൂഹങ്ങളുടെ ചരിത്ര ദൈർഘ്യത്തോളം വ്യാപിച്ചു കിടക്കുന്ന ഒന്നാണ്.

**തെക്കൻ കേരളത്തിലെ തീരഭാഷ**

തെക്കൻ കേരളത്തിലെ പൂർവ്വികവാസികളായ തമിഴ് സംസാരിച്ചിരുന്ന വിഭാഗങ്ങളിൽ 'നെയ്തൽ' വിഭാഗത്തിൽപ്പെട്ടവരാണ് കടലോരദേശവാസികൾ എന്നത് സംഘകാല കൃതികളിൽ നിന്നും വ്യക്തമാണ്. ഇവർ ഏതാണ്ട് മുപ്പതു നാടുകളിലായി തമിഴിന്റെ ഭാഷാഭേദങ്ങൾ സംസാരിച്ചും മീൻ പിടിച്ചും മുത്തുച്ചിപ്പിവാരിയും, ശംഖുകൾ കുഴിച്ചെടുത്തും ഉപ്പുണ്ടാക്കിയും കഴിഞ്ഞിരുന്നതായി എ.ഡി 1392 -ൽ ഇളയ വിക്രമകുലശേഖരൻ രചിച്ച 'പരതപാണിയിൽ' പറയുന്നു. 1956-വരെ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നതും ഇന്നത്തെ തമിഴ്നാടിന്റെ ഭാഗമായുള്ളതുമായ തീരപ്രദേശങ്ങളിലും, തിരുവനന്തപുരം ജില്ലയിലെ ഭൂരിഭാഗം തീരഗ്രാമങ്ങളിലും, കൊല്ലം ജില്ലയിലെ ചില കടലോര ഗ്രാമങ്ങളിലും ജനങ്ങളുടെ വ്യവഹാരഭാഷയിൽ തമിഴിന്റെ സ്വാധീനം ഇന്നും ഏറെ കാണാം. പുറമേ നിന്നുള്ളവർക്ക് അതുകേട്ടാൽ തനി തമിഴ് പേച്ചാണെന്നേ തോന്നൂ. സംഘകൃതികളിൽ പറയുന്നതനുസരിച്ച് ഈ പ്രദേശവാസികൾ പൊതുവേ മുക്കുവർ എന്ന ഒരു തൊഴിൽ വർഗ്ഗം (സമൂഹം) ആണ്. മുക്കുവർ താമസിക്കുന്ന പ്രദേശങ്ങൾ പൊതുവേ 'തുറ' എന്ന് അറിയപ്പെടുന്നതിനാൽ അവരുടെ ഭാഷ തുറയിലെ ഭാഷയായും ചിലയിടങ്ങളിൽ അറിയപ്പെടുന്നു.

ആദി ദ്രാവിഡ ഭാഷയിൽ നിന്നും മലയാളത്തിന് സ്വതന്ത്രഭാഷാ പദവി കൈവന്നത് നൂറ്റാണ്ടുകൾ കൊണ്ടാണ്. മലയാള ഭാഷയുടെ വികാസഘട്ടങ്ങളെ ഭാഷാ പണ്ഡിതർ മൂന്നായി തിരിച്ചിട്ടുണ്ട്. 9-ാംനൂറ്റാണ്ടോടെ സ്വതന്ത്രഭാഷയായി വികാസം പ്രാപിക്കാൻ തുടങ്ങിയ മലയാളത്തിന് ലിപി വ്യവസ്ഥ കൈവരുന്നതിന് നാലു നൂറ്റാണ്ട് പിന്നെയും കാത്തിരിക്കേണ്ടിവന്നു. 9 മുതൽ 13-ാം നൂറ്റാണ്ടുവരെയുള്ള ഈ കാലഘട്ടത്തെ പ്രാചീനകാലമെന്നും തുടർന്ന് 18-ാം നൂറ്റാണ്ടുവരെ മധ്യമകാലമെന്നും പിന്നിടുള്ള കാലഘട്ടത്തെ ആധുനിക കാലമെന്നും ഭാഷാ പണ്ഡിതർ വിശേഷിപ്പിക്കുന്നു. കാലത്തിന്റെ ഈ ചക്രച്ചാലുകളിൽ മലയാളവും തീരഭാഷയും തമ്മിലുള്ള നൂലിഴകൾ കണ്ടെത്താൻ എന്തെങ്കിലും ശ്രമം നടന്നതായി കേട്ട് കേൾവിയില്ല. ഭൂമിശാസ്ത്രപരമായി മലയാളവും തമിഴും വേർപിരിയുന്നിടത്തെ തീരദേശ വാസികൾക്ക് തലമുറകളായി വാമൊഴിയായി മാത്രം പകർന്ന് കിട്ടിയ ഭാഷയിൽ മലയാളവും തമിഴുമല്ലാത്ത നിരവധി വാക്കുകളും ശൈലികളും (ഫ്രെയ്സ്) ഉണ്ടെന്നതാണ് പരമപ്രധാനം. എന്നാൽ മലയാളത്തിന്റെ പൊതുസമൂഹം തീരദേശ സമൂഹത്തെ മുഖ്യധാരയ്ക്ക് പുറത്തുനിർത്താൻ ശ്രമിച്ചു കൊണ്ടിരിക്കുന്നതിന്റെ പിന്നിൽ ഈ വാക്കുകളും തീരഭാഷാ പ്രയോഗത്തിലെ ശൈലികളുമാണ്. ജീവിതത്തിൽ തീരഭാഷാ പ്രയോഗത്തിന്റെ പേരിൽ ഇകഴത്തലുകൾ അനുഭവിച്ചറിയേണ്ടിവന്ന എത്രയോ പേർ ഇന്നുമുണ്ട്. സ്വന്തം ഭാഷയ്ക്ക് എന്തോ കുറവുണ്ടെന്ന് മറ്റുള്ളവരാൽ ആക്ഷേപിക്കപ്പെടുമ്പോൾ സ്വയം ഉൾവലിയുന്നവരാണേറെയും. തന്റെ ഭാഷയുടേയും അതിലൂടെ വ്യക്തിത്വത്തിന്റെയും നേർക്ക് മറ്റുള്ളവർ കാർക്കിച്ചു തുപ്പുന്നതിനാൽ മക്കളെയെങ്കിലും അതിൽ നിന്നും രക്ഷിക്കാൻ നാടുവിട്ടോടി നഗരത്തിന്റെ അരികുപറ്റി ജീവിക്കുന്ന മാതാപിതാക്കളും എത്രയെങ്കിലുമുണ്ട്. എന്നാൽ ഇതിനെ അതിജീവിക്കേണ്ടത് തീരത്തിന്റെ തദ്ദേശീയ സാംസ്കാരികതയുടെ നല്ല വശങ്ങൾ അന്വേഷിക്കുന്നതിലൂടെയാണെന്നു കരുതുന്നവരും നമുക്കിടയിലുണ്ടെന്നതാണ് ആശ്വാസകരം.

മറ്റേതൊരു തദ്ദേശ സമൂഹത്തെയും പോലെ തീരസമൂഹത്തിന്റെ പാരമ്പര്യം, സംസ്കാരം, ആചാരം, മൂല്യവിചാരം, തൊഴിലുമായി ബന്ധപ്പെട്ട പാരമ്പര്യ അനുഭവജ്ഞാനം മുതലായവയെല്ലാം അവരുടെ വാമൊഴികളാൽ മാത്രം നിലനിൽക്കുന്ന വ്യവഹാരഭാഷയിലാണ് ഉൾച്ചേർന്നിരിക്കുന്നത്. എന്നാൽ അവർ ജീവിക്കുന്ന സാഹചര്യം പരിവർത്തനത്തിന്റെ വിഭ്രാന്തിയിലൂടെ പായുമ്പോൾ അവരുടെ ഭാഷയുടെ തനിമകളും മഹിമകളും വേരറ്റുപോകുന്നത് സ്വാഭാവികമാണ്. ഇവിടെയാണ് തീരഭാഷയ്ക്കൊരു കൂട്ടായ്മയുടെ പ്രസക്തി. അതിലൂടെ തെക്കൻതിരുവിതാംകൂറിലെ തീരദേശ സമൂഹം ഒരു കാലഘട്ടംവരെ ഉരുളയും ഉപ്പേരിയുമായി കൊണ്ടു നടന്ന്, ഇന്നും അവരുടെ ജീവിതത്തിന്റെ ആവാസ വ്യവസ്ഥയിൽ ചെറുതല്ലാത്ത സ്വാധീനമുള്ള ഈ ഭാഷയുടെ മറഞ്ഞും മായാതെയും കിടക്കുന്ന പദശേഷിപ്പുകളെയും മറ്റും കണ്ടെത്തി ചിട്ടയോടെ അടുക്കിപ്പെറുക്കി വയ്ക്കാൻ അതിനു കഴിയും. തീരസംസ്ക്കാരത്തിന്റെ ഈ ഈടിരിപ്പുകൾ അന്വേഷിച്ചറിയുന്നതിലൂടെ പഴമയിലേക്ക് ചേക്കേറാനല്ല, മറിച്ച് പുതിയകാലത്തിന്റെ വിശാലതകളിൽ നാം നമ്മെ സ്വയം അടയാളപ്പെടുത്തുക എന്നതാവണം ലക്ഷ്യം എന്നു കൂടി പറഞ്ഞു കൊള്ളട്ടെ.

**അല്പം ചരിത്രം**

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിക്കു മുമ്പ് അന്നത്തെ തെക്കൻ തിരുവിതാംകൂറിന്റെ തീരസംസ്കൃതിയുടെ വിശാലമണ്ണിൽ എത്ര വലിയ കുഴി കുഴിച്ചാലും മലയാളത്തിന്റെ നനവ് കണ്ടെത്താനാവില്ല എന്നതിന് എത്രയെങ്കിലും തെളിവുകൾ ലഭ്യമാണ്. അന്നും ഇന്നും തീരസംസ്കൃതിയുടെ കേന്ദ്രബിന്ദുവായ പള്ളികളിലെ എഴുത്തു കുത്തുകൾ തന്നെ പ്രധാന തെളിവ്. അവ മലയാളത്തിലല്ല മറിച്ച് ഇന്നത്തെ തമിഴിന്റെ മൂലരൂപങ്ങളിലാണ്. ഭാഷാ ഗവേഷകർ പ്രധാന തെളിവുകളായി സ്വീകരിക്കുന്ന സെമിത്തേരിയിലെ ശിലാലിഖിതങ്ങളും മേൽപ്പറഞ്ഞ ഭാഷയിലും ലാറ്റിനിലുമാണ് അക്കാലത്ത് എഴുതപ്പെട്ടിരുന്നതെന്നതിനും തെളിവുണ്ട്. എന്നാൽ, തീരദേശവാസികളുടെ മനസ്സിൽ മലയാള അക്ഷരങ്ങൾ പുഷ്പിക്കാനുദ്ദേശിച്ചുള്ള ചെറിയ പൂന്തോട്ടങ്ങൾ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ തന്നെ വിദേശ മിഷണറിമാർ നട്ടുവളർത്താൻ തുടങ്ങി. അവർ അവിടെ ആൺചെടികളെയും പെൺചെടികളെയും വെവ്വേറെ നട്ടു. അതിനെ ആൺപള്ളിക്കൂടമെന്നും പെൺപള്ളിക്കൂടമെന്നും പേര് ചൊല്ലിവിളിച്ചു. അവരിൽ അക്ഷരങ്ങൾ പൂക്കുന്നതോടെ പഠനം പൂർത്തിയാകും ബൈബിളും മറ്റു ജപമാലകളും വായിച്ചു മനസ്സിലാക്കാൻ അത്രേംമതി എന്നതായിരുന്നു അക്കാലത്തെ മിഷണറിമാരുടെ സമീപനം. ഇത് തീരഭാഷ നേരിടേണ്ടി വന്ന ആദ്യ വെല്ലുവിളിയാവാം. എന്നാൽ, 21-ാം നൂറ്റാണ്ടോടെ പൊതു വിദ്യാഭ്യാസരംഗത്തു വന്ന മുന്നേറ്റങ്ങൾ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കി. അവൻ പഠിക്കുന്നത് മലയാളത്തിലാണെങ്കിൽ ചിന്തിക്കുന്നതും വ്യവഹരിക്കുന്നതും തീരത്തിന്റെ തനത് വാമൊഴി ഭാഷയിലാണെന്ന സ്ഥിതിവന്നു. പിന്നീട് സംഭവിച്ചതെല്ലാം തീരഭാഷ ഇകഴ്ത്തപ്പെട്ടതിന്റെ തേരോട്ടമാണ്. ലോകമെമ്പാടും തദ്ദേശ സമൂഹങ്ങളുടെ വാമൊഴി ഭാഷകൾ വേരറ്റുപോകുന്നതിന്റെ കാരണവും ഇതുതന്നെയാണ്. തീരഭാഷയുടെ അറ്റുപോയ വേരുകൾ തുന്നിച്ചേർക്കാനായില്ലെങ്കിലും പഴമയുടെ നന്മകളും, പ്രാദേശിക അറിവുകളും സാംസ്കാരിക ചിഹ്നങ്ങളും തുടങ്ങി വിലപ്പെട്ട പലതും വരും തലമുറയെ ബോധ്യപ്പെടുത്താനായെങ്കിലും സമാഹരിച്ചു സൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

**ശബ്ദങ്ങളും ശൈലികളും വാക്കുകളും**

**ശബ്ദങ്ങൾ**

ഭാഷ പിറക്കും മുമ്പേ മനുഷ്യൻ തന്റെ ആശയങ്ങളും വികാരങ്ങളും വിവിധ ശബ്ദങ്ങളിലൂടെ പങ്കുവെച്ചുവെന്നും ഓരോരോ അവസരങ്ങളിൽ അവൻ പുറപ്പെടുവിച്ച ശബ്ദങ്ങൾക്ക് ക്രമേണ ഏകതാനത കൈവന്നുവെന്നുമാണ് അനുമാനം. അവയിലെ നീട്ടലും കുറുക്കലും പുതിയ അർത്ഥ തലങ്ങൾക്ക് വഴിവെച്ചു. സന്തോഷവും സങ്കടവും പങ്കുവയ്ക്കുവാനും അദ്ധ്വാനത്തിന്റെ ഭാരം കുറയ്ക്കാനും ആ ശബ്ദങ്ങൾക്ക് കഴിഞ്ഞു. ഈ ഒരു പശ്ചാത്തലത്തിൽ നിന്നു കൊണ്ട് തെക്കൻ കേരളത്തിലെ തീരദേശവാസികൾക്കിടയിൽ വാമൊഴിയായി മാത്രം നിലനിൽക്കുന്ന തീരഭാഷയുടെ പ്രത്യേകതകൾ പരിശോധിക്കാം.

ചിലപ്പോൾ ചിലതരം ശബ്ദവും മൂളലും പുറപ്പെടുവിക്കുകയും ആംഗ്യം കാട്ടുകയും ചെയ്യുന്നതിലൂടെ ആശയവിനിമയം നടത്തുന്ന രീതി ഇപ്പോഴും തീരത്ത് നിലനിൽക്കുന്നു. ഉദാഹരണമായി ങേ..... ദോ....., ദാ...., ഓ...., ങും മുതലായവ. ങേ... എന്ന ശബ്ദം പുറപ്പെടുവിക്കുകയും ഒപ്പം കൈപ്പത്തിമലർത്തി കാട്ടുകയും ചെയ്താൽ 'എന്ത്' എന്ന ചോദ്യരൂപേണയുള്ള ആശയമാണ് കൈമാറുന്നത്. ദോ..... എന്ന ശബ്ദത്തോടപ്പം കൈ ചൂണ്ടുകകൂടി ചെയ്താൽ 'അവിടെ' എന്നാവും അർത്ഥമാക്കുക. ഇക്കാര്യത്തിൽ കൈ ചൂണ്ടുന്നതിന് പകരം ചിലപ്പോൾ മുഖം കൊണ്ടാവും ആംഗ്യം കാട്ടുക. ദാ.... എന്ന ശബ്ദത്തോടൊപ്പം കൈചൂണ്ടിയാൽ 'ഇവിടെ' എന്നാണർത്ഥം ഓ.... എന്നും ങും... എന്നും പറയുന്നത് മറ്റുള്ളവർ പറയുന്നതിനോട് സമ്മതം മൂളുന്ന 'അതേ' എന്ന അർത്ഥത്തിലാണ്.

**ശൈലികൾ (ഫ്രെയ്സ്)**

പരിഷ്കൃത മലയാള ഭാഷയിലെ പ്രയോഗങ്ങളെക്കാൾ അർത്ഥപൂർണ്ണമായ ശൈലികളും ഭാഷാപ്രയോഗങ്ങളും തീരഭാഷയിലുണ്ട് എന്നത് നമ്മുടെ ഭാഷാ പണ്ഡിതന്മാരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കാനിടയില്ല. ഉദാഹരണമായി വർഷകാലത്ത് തീരത്ത് സംഭവിക്കുന്ന പ്രതിഭാസത്തെ പണ്ഡിത ഭാഷയിൽ പറയുന്നത് കടൽ കര കവർന്നെടുക്കുന്നു എന്നാണ്. ശബ്ദതാരവലിയിൽ കവരുകയെന്നാൽ മോഷ്ടിക്കുക, കൊള്ളയടിക്കുക എന്നാണർത്ഥം. എന്നാൽ ഈ സ്ഥാനത്ത് തീരഭാഷിലെ പ്രയോഗം നോക്കാം. ആനി ആടി മാസങ്ങളിൽ (വർഷകാലത്ത്) 'കടൽ കര അളക്കുന്നു' എന്നാണ് ആ പ്രയോഗം. വർഷാവർഷം തീരത്തു നടക്കുന്ന സ്വാഭാവിക പ്രതിഭാസം മനസ്സിലാക്കിയാൽ തീരഭാഷയിലെ ഈ പ്രയോഗം എത്രയോ അർത്ഥപൂർണ്ണമാണെന്ന് സമ്മതിക്കേണ്ടിവരും. എല്ലാവർഷവും തെളിവുകാലത്ത് (വർഷകാലമല്ലാത്തപ്പോൾ) കടൽ കരയിലേക്ക് മണ്ണെത്തിച്ച് തീരത്തുടനീളം മണൽമെത്ത തീർക്കും. വർഷകാലമാവുമ്പോൾ കടൽ നിക്ഷേപിച്ച മണൽ തിരികെ അളന്നെടുക്കുന്നു. അളക്കുക എന്നതിന് തീരഭാഷയിൽ കുഴിക്കുക എന്നൊരർത്ഥം കൂടിയുണ്ട്. തിര വന്ന് തീരം അളന്നെടുക്കുമ്പോൾ സ്വാഭാവികമായും തീരത്തുടനീളം കുഴിയും തിട്ടയും ഉണ്ടാവാറുണ്ട്. ഏതർത്ഥത്തിലും തീരഭാഷയിലെ ഈ പ്രയോഗം വളരെ ശരിയും കടൽ കര കവരുന്നു എന്ന് തെറ്റായ പ്രയോഗം തിരുത്തപ്പെടേണ്ടതുമാണ്.

**എന്നേ കാലീ കഞ്ചി കമന്തോതേ**

കാര്യങ്ങൾ ധൃതിപ്പെട്ടു ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതാണിത്. പ്രത്യേകിച്ചും എവിടേയ്ക്കെങ്കിലും എത്തിച്ചേരാൻ വേഗത്തിൽ ഓടിയും നടന്നും പോകുന്നവരെ കണ്ടാൽ ഈ ചോദ്യം പതിവാണ്. സാധാരണഗതിയിൽ എതിരെവരുന്നവരെ കണ്ടാൽ 'എന്നേ എങ്കയേ പോനീ' (എന്താ എവിടെ പോകുന്നു) എന്നാവും ചോദിക്കുക. എന്നാൽ, ധൃതിപ്പെട്ടു പോകുന്നതിനിടെ പരിസരത്തെ കാര്യങ്ങൾ ശ്രദ്ധിക്കാതെ വരുന്നുവെന്ന് കാണുമ്പോൾ അക്കാര്യംകൂടി സൂചിപ്പിക്കുവാനാണ് ഈ പ്രയോഗം.

എന്താ കാലിൽ കഞ്ഞി കമഴ്ന്നതിനാലാണോ ഇത്ര ധൃതിപ്പെട്ടു പോകുന്നത് എന്നതാണ് ഈ പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്.

**തുപ്പലു തുപ്പിയിട്ടിരിക്കിനി വത്തുക്കു മുന്നേ വരോണ**

സൂര്യന്റെ ചരിവും നിഴലിന്റെ വലിപ്പവുമൊക്കെ നോക്കി സമയം തിരിച്ചറിഞ്ഞിരിക്കുന്ന കാലത്ത് ഉപയോഗിച്ച് ശീലിച്ച ശൈലിയാവാമിത്. അത്യാവശ്യമായി ഒരിടം വരെ പോയി വരേണ്ട സമയത്തെ സൂചിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പ്രയോഗം. ഇന്നത്തെപ്പോലെ സെക്കന്റും മിനിട്ടും മണിക്കൂറും കൃത്യമായി പറയാനാവാത്ത സ്ഥിതിയിൽ പോയി വരേണ്ട സമയ ദൈർഘ്യത്തെപ്പറ്റി ഒരു ഏകദേശ ധാരണ നൽകാനും എത്രയും വേഗം തിരികെ എത്തണമെന്ന് ബോദ്ധ്യപ്പെടുത്താനും കൂടിയാണ് ഈ പ്രയോഗം കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. സാധാരണ ഗതിയിൽ കുട്ടികളോട് അത്യാവശ്യമായി എന്തെങ്കിലും വാങ്ങിവരാൻ ചുമതലപ്പെടുത്തുമ്പോഴാണ് ഇത് പ്രയോഗിക്കുക. കാരണം നാടുനീളെ മൈതാനങ്ങളും കളിസ്ഥലങ്ങളും കൊണ്ട് നിറഞ്ഞിരുന്നകാലത്ത് വഴിയാത്ര പോകുന്ന കുട്ടികൾ അവിടെ നടക്കുന്ന കളികൾ കണ്ടു നിൽക്കുകയോ കളിയിൽ പങ്കു ചേരുകയോ പതിവാണ്. വൈകുന്നതിന്റെ കാരണം വിളിച്ചന്വേഷിക്കാൻ ഇന്നത്തേതുപോലെ മൊബൈൽ ഫോണുകളും നിലവിലില്ല. തുപ്പൽ തുപ്പിയിട്ടുണ്ട് അത് വറ്റും മുമ്പ് തിരികെയെത്തണം എന്നാണ് സാരം.

**ഒരുപോള കണ്ണടച്ചില്ല**

രാത്രി മുഴുവൻ ഉറങ്ങിയില്ല എന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ പറയുന്നതാണിത്. എന്നാൽ, ഈ പ്രയോഗത്തോട് ന്യൂജനറേഷന്റെ പ്രതികരണം രസാവഹമാണ്. അപ്പോൾ രണ്ടാമത്തെ കണ്ണടച്ചുറങ്ങിയല്ലേ? ....കള്ളാ.....

**കണ്ണെടുത്താ കണ്ടൂട**

ഒട്ടും ഇഷ്ടമില്ലാത്ത ഒരാളെപ്പറ്റി പറയുമ്പോൾ ഉപയോഗിക്കാറുള്ള പ്രയോഗമാണിത്. അയാളെ കാണാനോ അയാളെപ്പറ്റി കേൾക്കാനോ ഇഷ്ടപ്പെടുന്നില്ല എന്നാവും ഉദ്ദേശിക്കുക. അങ്ങനെ ചിന്തിക്കുന്നതിന് കാരണം അയാളുടെ പ്രവൃത്തി തനിക്കിഷ്ടമില്ല എന്നും ഇതിനർത്ഥമുണ്ട്. ഇന്ന് ഇങ്ങനെ പറയുന്നവരോട് പുത്തൻതലമുറയുടെ പ്രതികരണം എന്താവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

**ആരുപെട്ട പാടെന്ന് പറയിനേക്ക്**

എന്തെങ്കിലും ഒന്ന് സംഭവിക്കാനിടവരികയും അതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് ഉറപ്പിക്കാൻ കഴിയാതെ വരികയും ചെയ്യുന്ന അവസ്ഥയിലാണ് ഈ പ്രയോഗം സാധാരണഗതിയിൽ ഉപയോഗിക്കുക. ഈ സംഭവിച്ചതിന്റെ ഉത്തരവാദിത്വം ആർക്കെന്നു പറയാൻ എന്നാണ് സാരം.

**ചൊല്ലിനെങ്കി ചൊല്ലാം ചൊല്ലിനെന്നി**

കുറ്റപ്പെടുത്തിയും പരാതിപ്പെട്ടും മടുക്കുമ്പോൾ ഉപയോഗിക്കുന്ന ശൈലിയാണിത്. ഒരു തെറ്റ് പലകുറി ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതു തിരുത്തപ്പെടാതെ വരുമ്പോളുള്ള പ്രതികരണമായി ഈ പ്രയോഗത്തെ കാണാം. പറയുന്നെങ്കിൽ പറയാം പറയുന്നെന്ന് എന്ന് സാരം.

**നിന്ന നീക്കമ്പ് എടുത്തോണ്ടു പോവിനില്ലേലെ**

നിത്യജീവിതത്തിൽ ശല്യമായി മാറിത്തീർന്ന ഒരാളെ ക്ഷമയുടെ പിരിധി വിടുമ്പോൾ ശാപവാക്കായി പറയുന്ന പ്രയോഗം. നീക്കമ്പ് (നീർക്കാമ്പ്) എന്നാൽ പേടിപ്പിക്കുന്ന അസുഖം. നീക്കമ്പാകുന്ന മാരകരോഗം നിന്റെ ജീവനെടുക്കുന്നില്ലല്ലോ എന്നു സാരം.

തീരഭാഷയിൽ ഇനിയും ഒട്ടനവധി ശൈലീ പ്രയോഗങ്ങളും പഴഞ്ചൊല്ലുകളും കടങ്കഥകളും കെട്ടുപാട്ടുകളും ഏലംപാട്ടുകളും ഉറക്കുപാട്ടുകളും, പദ്യശകലങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കടൽകഥകളും കടലറിവുകളും ഉണ്ട്. ലോകത്തിന്റെ വിവിധ കോണുകളിൽ തീരത്തിന്റെ പൈതൃകസ്മരണകളെ നെഞ്ചോടു ചേർത്ത് ജീവിക്കുന്ന നിരവധി പേരുണ്ടാവും. അവരുടെ ഉള്ളിലെ ചെറുതും വലുതുമായ ഓർമ്മകളെ ഉണർത്താനുള്ള എളിയ ശ്രമമാണിത്. അടുത്തലക്കം മുതൽ തീരഭാഷയിലെ പദശേഷിപ്പുകളെ മലയാളത്തിലെ അക്ഷരമാലാക്രമത്തിൽ അലകളിൽ അവതരിപ്പിക്കാൻ തയ്യാറെടുക്കുകയാണ്.

ഇത് അറിവിന്റെ അവസാനവാക്കല്ലെന്ന് ആദ്യമേ പറയട്ടെ. കൂടുതലറിവുള്ളവർക്ക് തീർച്ചയായും വേണ്ട തിരുത്തലുകൾ നടത്താൻ സ്വാതന്ത്ര്യം ഉണ്ട്. അതുപോലെ തന്നെ കൂട്ടിച്ചേർക്കലിനും. തീരത്തിന്റെ മൺമറഞ്ഞുകൊണ്ടിരിക്കുന്ന സംസ്കൃതിയുടെ അർത്ഥവത്തായ ഓർമ്മപ്പെടുത്തലിനായി നമുക്ക് ഒത്തുചേരാം.

*NB: വായനക്കാരുടെ വിലപ്പെട്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശങ്ങളും ദയവായി robertpotsplants@yahoo.com മുഖേന അറിയിക്കുക. മൊബൈൽ നം : 9447240402*

# റാന്തൽ മത്സ്യങ്ങളും മത്സ്യബന്ധനവും

## (ഐ.സി.എ.ആർ – കേന്ദ്ര മത്സ്യസാങ്കേതിക ഗവേഷണ സ്ഥാപനം)

അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്ന തീരക്കടൽ മത്സ്യസമ്പത്താണ് മത്സ്യബന്ധനമേഖല ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. കാലാവസ്ഥ വ്യതിയാനത്തോടനുബന്ധിച്ച് ജലാശയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളോടൊപ്പം മനുഷ്യരുടെ അശാസ്ത്രീയമായ പ്രവർത്തനഫലങ്ങളും ഒത്തുചേർന്നപ്പോൾ അത് മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമായി. ഈ സാഹചര്യത്തിൽ പരമ്പരാഗതമല്ലാത്ത ആഴക്കടൽ മത്സ്യസമ്പത്തുകൾ കണ്ടെത്തുകയും അത് സാധാരണ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടത് വളരെ അനിവാര്യമാണ്.

മിക്റ്റോഫിഡെ കുടുംബത്തിൽ പെടുന്ന മിക്റ്റോഫിഡ് (Myctophid) മത്സ്യങ്ങൾ ലാന്റേൺ മത്സ്യം (Lantern fish) അഥവാ റാന്തൽ മത്സ്യങ്ങൾ എന്ന് അറിയപ്പെടുന്നു. ആഴക്കടൽ മത്സ്യലഭ്യതയുടെ കാര്യത്തിൽ റാന്തൽ മത്സ്യങ്ങളുടെ സ്ഥാനം വളരെ മുന്നിലാണ്. 35 ജനുസ്സുകളിൽ 250 സ്പീഷീസുകളിലായി ലോക സമുദ്രത്തിൽ 1000 മില്യൺ ടൺ റാന്തൽ മത്സ്യങ്ങൾ ഉള്ളതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇതിൽ 350 മില്യൺ ടണിൽ അധികം മത്സ്യങ്ങൽ ഇന്ത്യൻ മഹാസമുദ്രത്തിലും അറബിക്കടലിലും ഉണ്ടെന്ന് വിശ്വസിക്കുന്നു. അറബിക്കടലിൽ ലക്ഷദ്വീപിലും കൊല്ലം പുറംകടലിലുമാണ് കൂടുതലായി റാന്തൽ മത്സ്യങ്ങൾ കണ്ടുവരുന്നത്.

സമുദ്രത്തിൽ 200 മീറ്റർ മുതൽ 1000 മീറ്റർ വരെ ആഴത്തിൽ കാണപ്പെടുന്ന ജീവികളെ പൊതുവേ മീസോപെലാജിക്സ് (Mesopelagics) എന്നാണ് അറിയപ്പെടുന്നത്. ഈ വിഭാഗത്തിൽപെടുന്ന മീനുകൾ തീരക്കടലിലും പുറംകടലിലും കാണപ്പെടുന്നവയാണ്. 8 ഇനങ്ങളിൽപെടുന്ന റാന്തൽ മീനുകളാണ് ശക്തിക്കുളങ്ങര, നീണ്ടകര ഹാർബറുകളിൽ കിട്ടിക്കൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

അളവിൽ വളരെ കൂടുതൽ ഉണ്ടെങ്കിലും ലോകത്തിൽ ഏറ്റവും കുറച്ച് പഠനങ്ങൾ നടത്തിയിട്ടുള്ളതും കുറച്ചുമാത്രം ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വിഭാഗമാണ് മീസോപെലാജിക്സ് മത്സ്യങ്ങൾ. ഈ മത്സ്യങ്ങൾ കൂടുതലായും മത്സ്യഎണ്ണയ്ക്കും ഫിഷ് മീലിനും (വളത്തിനും, മൃഗങ്ങളുടെ തീറ്റയ്ക്കും വേണ്ടി ഉണക്കിപൊടിച്ച മീൻ) വേണ്ടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. പല മീസോപെലാജിക്സ് മത്സ്യങ്ങളിലും മെഴുക് (wax) അടങ്ങിയിട്ടുള്ളതുകൊണ്ട് സാധാരണ മത്സ്യങ്ങളെപ്പോലെ റാന്തൽ മത്സ്യങ്ങൾ മനുഷ്യന് ഭക്ഷണമായി ഉപയോഗിക്കുവാൻ പ്രയാസമാണ്. മത്സ്യബന്ധനത്തിനും സംസ്കരണത്തിനുമുള്ള സാങ്കേതിക ജ്ഞാനം വികസിപ്പിച്ചെടുത്താൽ റാന്തൽ മത്സ്യങ്ങൾ ഭാവിയിലേക്കുള്ള ഒരു പ്രധാന മാംസ്യ ഉറവിടമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

3 മുതൽ 30 സെ.മീ. വലിപ്പത്തിൽ കറുത്ത നിറത്തിൽ, തിളങ്ങുന്ന വെള്ളിനിറത്തോടോ നീലനിറത്തോടോ കൂടിയ ചെതുമ്പലുകളും ശരീരത്തിനു ഇരുവശങ്ങളിലും മിന്നാംമിനുങ്ങുകളെപോലെ സ്വയം പ്രകാശം പുറപ്പെടുവിക്കാൻ കഴിയുന്ന ചെറുപൊട്ടുകളും ഈ മത്സ്യങ്ങളുടെ സവിശേഷതയാണ്. വേഗത്തിൽ വളരുന്ന ഈ മത്സ്യങ്ങളുടെ ആയുസ്സ് കേവലം 1 മുതൽ 5 വർഷം വരെയാണ്. കൂട്ടമായി സഞ്ചരിക്കുന്ന ഈ മത്സ്യങ്ങൾ പകൽ സമയത്ത് സമുദ്രത്തിൽ ഏകദേശം 1000 മീറ്റർ ആഴത്തിലും രാത്രി സമുദ്രോപരിതലത്തിൽ നിന്നും ഏകദേശം 5 മീറ്റർ ആഴം വരെയും കാണപ്പെടാറുണ്ട്.

ആഴക്കടലിൽ പകൽ സമയത്ത് ഇക്കോസൗണ്ടർ പ്രവർത്തിപ്പിച്ചാൽ മീസോപെലാജിക്സ് മീനുകളുടെ ഒരുപാളി ഉള്ളതായി കാണാം. ഈ ലെയറിന്റെ സാന്ദ്രത ഒരു ക്യൂബിക് മീറ്ററിൽ 5 മുതൽ 10 വരെ മീനുകൾ എന്ന് കണക്കാക്കിയിട്ടുണ്ട്. ഒരു മണിക്കൂറിൽ ട്രോളിംഗ് ചെയ്ത് 10 മുതൽ 20 ടൺവരെ റാന്തൽ മത്സ്യങ്ങൾ ഒമാൻ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ പിടിച്ചെടുക്കുന്നുണ്ട്.

കേരള തീരത്ത് കൊല്ലം ഭാഗത്താണ് മിക്റ്റോഫിഡുകൾ ധാരാളമായി കാണാറുള്ളത്. ഇവിടെ ട്രോൾ വലകളിൽ ഏതാണ്ട് 58 % ചെമ്മീൻ ഇതര മത്സ്യങ്ങളും മറ്റ് കടൽ ജീവികളും പിടിക്കപ്പെടുന്നുണ്ടെന്നും അതിൽ 32% റാന്തൽ മത്സ്യങ്ങളാണെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ കടലിൽ ഉപേക്ഷിക്കുകയാണ് പതിവ്. കൊല്ലം തീരത്ത് റാന്തൽ മത്സ്യങ്ങൾ ധാരാളമായി കാണപ്പെടുന്നത് ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങിലാണ്. ഈസമയത്ത് 300 മുതൽ 400 വരെ ട്രോളറുകൾ ആഴക്കടലിൽ (300 മുതൽ 500 മീറ്റർ വരെ) ചെമ്മീൻ പിടിക്കാൻ പോകാറുണ്ട്.

കേരളത്തിൽ റാന്തൽ മത്സ്യങ്ങളിൽ ഏറ്റവും അധികം പിടിക്കപ്പെടുന്നത് ഡയാഫസവറ്റാസിയും (75%) നിയോസ്ക്കോപിലസ് മൈക്രോച്ചിർ (20%) എന്ന രണ്ടിനങ്ങളാണ്. റാന്തൽ മത്സ്യങ്ങൾ വേഗത്തിൽ വളരുന്ന മീനുകളാണെന്നും ഇതിന്റെ മത്സ്യബന്ധനം ഇനിയും വർദ്ധിപ്പിക്കാവുന്നത് ആണെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു.ഏതാണ്ട് 4270 ടൺ വറ്റാസി മത്സ്യം അറബികടലിൽ ലഭ്യമാണെങ്കിലും കേവലം 28% മാത്രമാണ് നമ്മൾ ഇപ്പോൾ പിടിച്ചെടുക്കുന്നത്.

**റാന്തൽ മത്സ്യങ്ങളും പിടിക്കുന്ന രീതിയും വലയും**

റാന്തൽ മത്സ്യങ്ങൾക്ക് സമുദ്ര അടിത്തട്ടിൽ നിന്ന് ഉപരിതലത്തിലേയ്ക്കും തിരിച്ചുമുള്ള ദിനരാത്രി സഞ്ചാര സ്വഭാവം ഉള്ളതിനാൽ ഇവയെ പിടിച്ചെടുക്കാൻ പ്രത്യേകമായി രൂപകൽപ്പന ചെയ്ത വലകൾ ആവശ്യമാണ്. സി.ഐ.എഫ്.ടിയിൽ ഇതിനായി 45 മീറ്റർ തലക്കയർ നീളമുള്ള നാലുപാളി ട്രോൾവലകൾ നിർമ്മിക്കുകയുണ്ടായി.

ഈ വല വലിക്കുന്നത് 2.5 മുതൽ 3നോട്ട് വരെ വേഗത്തിൽ ആയിരിക്കണം. വലയുടെ വായ നന്നായി തുറന്ന് അത് മത്സ്യകൂട്ടങ്ങളെ തുടർച്ചയായി പിടിച്ചെടുക്കത്തവിധം നിശ്ചിത വേഗതയിൽ ഡി.എസ്.എല്ലിലൂടെ വലിക്കുക എന്നതാണ് റാന്തൽ മത്സ്യങ്ങളുടെ ട്രോളിംഗിലുള്ള ഏറ്റവും വലിയ വെല്ലുവിളി.

ചാള, അയില തുടങ്ങിയ മത്സ്യങ്ങളിൽ അടങ്ങിയിരിക്കുന്ന എല്ലാ പോഷകങ്ങളും റാന്തൽ മത്സ്യങ്ങളിൽ ഉണ്ടെന്ന് സി.ഐ.എഫ്.ടിയിൽ നടത്തിയ പഠനങ്ങൾ കണ്ടെത്തിയിരിക്കുന്നു. എണ്ണയും, ഫിഷ്മീലും കൂടാതെ മറ്റു പല മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇത്തരം മീനുകളിൽ നിന്ന് അനായാസം ഉണ്ടാക്കാവുന്നതാണ്.

കേരളത്തിൽ കൊല്ലം തീരത്തു നിന്നും പോകുന്ന ആഴക്കടൽ ചെമ്മീൻ ട്രോളരുകളിൽ ചില സമയങ്ങളിൽ റാന്തൽ മത്സ്യങ്ങൽ ലഭിക്കാറുണ്ടെങ്കിലും നിലവിൽ ഇതിനെ ഭക്ഷണത്തിനോ മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനോ അധികമായി ഉപയോഗിക്കാത്തതിനാൽ ഇവയെ കടലിൽ ഉപേക്ഷിക്കാറാണു പതിവ്. അടുത്ത കാലത്തായി മത്സ്യതീറ്റ നിർമ്മാണത്തിനുവേണ്ടി മറ്റു വിലകുറഞ്ഞ (bycatch) മീനുകളോടൊപ്പം റാന്തൽ മത്സ്യങ്ങളും ഉപയോഗിക്കാറുണ്ട്. റാന്തൽ മത്സ്യങ്ങളുടെ പോഷകമൂല്യങ്ങളും അവയുടെ വിവിധ ഉപയോഗങ്ങളെക്കുറിച്ചും സി.ഐ.എഫ്.ടിയിൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയതിനാൽ പോഷകസമ്പുഷ്ടമായ റാന്തൽ മത്സ്യങ്ങളെ ഉത്തരവാദിത്വപരമായി പിടിച്ചെടുക്കുകയും അവയിൽ നിന്ന് നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും വഴി ഭാരതത്തിലെ അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിൽ ഒരു പുതിയ വിഭവമായിത്തീരുകയും ചെയ്യും.

## കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണനിയമം മത്സ്യതൊഴിലാളികളെ വറുതിയിലേക്ക് നയിക്കും

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ 'എരിതീയിൽ നിന്നും വറച്ചട്ടിയിലേക്ക്' തള്ളുന്നതിന് സർക്കാർ മേൽവിലാസത്തിൽ ആസൂത്രിതമായ നീക്കം നടക്കുന്നു. 1980 ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്നതിനായി മത്സ്യവകുപ്പും, മത്സ്യമേഖലയിലെ ഇതരസർക്കാർ സ്ഥാപനങ്ങളും, ഉദ്യോഗസ്ഥരും, വിദഗ്ധരും തിരക്കിട്ട പരിശ്രമത്തിലാണ്. സംസ്ഥാന തലത്തിൽ മൂന്ന് ശില്പശാലകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് തലസ്ഥാനത്ത് ചേരുന്ന വിദഗ്ധരുടെ സമ്മേളനത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിച്ച് നിയമമാക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. നിലവിലുണ്ടായിരുന്ന നിയമം എത്ര പോരായ്മകൾ ഉള്ളതാണെങ്കിലും അത് നടപ്പാക്കാൻ കഴിയാതിരുന്ന മത്സ്യവകുപ്പിൽ നിന്നുമാണ് പുതിയ നിയമനിർമ്മാണത്തിന് വേണ്ടിയുള്ള പുറപ്പാട് എന്നത് ഏറെ ശ്രദ്ധേയമാകേണ്ടതാണ്.

മത്സ്യമേഖല ഇന്ന് നേരിടുന്ന എല്ലാപ്രതിസന്ധികളും തരണം ചെയ്യുന്നതിന് പുതിയ നിയമത്തിലൂടെ കഴിയുമെന്ന അവകാശവാദം കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിനെ ഇല്ലാതാക്കരുത് എന്ന വാമൊഴിയെ അന്വർത്ഥമാക്കുന്നതാണ്. കാരണം നിലവിലുള്ള നിയമം അനുശാസിക്കുന്ന നിരോധിത മത്സ്യബന്ധന മുറകൾ എല്ലാം തന്നെ നിർബാധം തുടരുന്നു, മീൻകുഞ്ഞുങ്ങളെ കോരിയെടുത്ത് അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റിഅയക്കുന്നത് അംഗീകൃത ഹാർബറുകളിലൂടെയാണ് .നിയമം നടപ്പാക്കുന്നതിന് ചുമതലപ്പെട്ടവർ നോക്കുകുത്തികളാകുന്നു. എന്നിട്ട് 44 ഇനം മത്സ്യങ്ങളുടെ കുറഞ്ഞ നിയമാനുസൃതവലുപ്പം കൂടിനിശ്ചയിച്ച് നമ്മെ ഇളിഭ്യരാക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ദീർഘകാലത്തെ സമരപോരാട്ടങ്ങളിലൂടെ ഭാഗികമായി നേടിയെടുത്ത ട്രോളിംഗ് നിരോധനം അട്ടിമറിക്കപ്പെടുവാൻ നിർദ്ദേശമുണ്ട്. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് കാരണമായ ബാലകൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നതുപോലെ യാതൊരു പഠനവും ഇല്ലാതെയുള്ള ഈ നീക്കം ബോട്ടുടമകളുടെ ദീർഘകാലാവശ്യം ആയിരുന്നു.

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും യന്ത്രവൽക്കൃതയാനങ്ങൾക്കും മീൻപിടിക്കുന്നതിന് കടൽമേഖല വേർതിരിക്കുവാനുള്ള നിർദ്ദേശം യന്ത്രവല്കൃത ബോട്ടുകളെ സഹായിക്കുന്നതിന് വേണ്ടിയാണ്. നിലവിലുള്ള ദൂരപരിധിനിയമം ലംഘിച്ച് അനുസ്യൂതമായി മത്സ്യകൊള്ളനടത്തുന്നവർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നു. നിയമാനുസൃതമായ ലൈസൻസ് ഇല്ലാത്ത യാനങ്ങൾ നമ്മുടെ സമുദ്രാതിർത്തിയിൽ പ്രവേശിക്കുന്നത് തടയാൻ നിർദ്ദേശിക്കുമ്പോൾ പ്രേത്യകാനുമതിയോടെ അവർ പിടിക്കുന്ന മത്സ്യം കേരളതീരത്ത് എവിടെയും കച്ചവടം ചെയ്യാമെന്നത് തീരമേഖലയെ കലുഷിതമാക്കും. മത്സ്യബന്ധന യാനങ്ങളുടെ നീളവും, വീതിയും, വലകളുടെ കണ്ണിവലുപ്പവും, നീളവും, ആഴവും ഒക്കെ പരാമർശിക്കുന്നത് ആഫീസുമുറികളുടെ സുഖസൗകര്യങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് ശില്പശാല ചോദ്യോത്തരവേളയിലെ മറുപടികളിൽ നിന്ന് വ്യക്തമാണ്.

2011 മുതൽ മത്സ്യസമ്പത്ത് കുറയുകയാണെന്ന സ്ഥിതിവിവരകണക്കുകൾ അവതരിക്കുമ്പോൾ മത്സ്യവിതരണ മേഖല കൂടുതൽ വരുമാനം ഉണ്ടാക്കിയതായും സമർഥിക്കുന്നു, എന്നാൽ ഈ മേഖലയിലെ ചെലവ് വർധനയെക്കുറിച്ച് – യാനങ്ങൾ , യന്ത്രങ്ങൾ, വലകൾ, മണ്ണെണ്ണ, ഡീസൽ – പരാമർശിക്കുന്നതേയില്ല. ഈ ഒളിച്ച്കളി മത്സ്യമേഖല വിദഗ്ധരുടെ അതിസാമർത്ഥ്യം തെളിയിക്കുന്നതാണ്. ചുരുക്കത്തിൽ മാധ്യമങ്ങൾ ഈ നിർദ്ദേശങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞു. മലയാള മനോരമ, പരമ്പരാഗത മത്സ്യതൊഴിലാളികളിൽ ഒരു സമുദായനേതാവിന്റെ അഭിപ്രായം അവരുടെതായ മുഖ്യ വാർത്തയായും കേന്ദ്രം സമ്പൂർണ്ണ മത്സ്യബന്ധനനിരോധനം ആവശ്യപ്പെടുന്നുവെന്ന കോളം വാർത്തയും നല്കി ബോട്ടുടമകളെയും സുഖിപ്പിച്ചു. ദേശാഭിമാനി മത്സ്യതൊഴിലാളികളുടെ സുരക്ഷിതത്തവും തീരക്കടലിലെ മത്സ്യസമ്പത്ത് സംരക്ഷണവും ഊന്നൽ നല്കി സർക്കാർ നടപ്പാക്കുന്ന പുതിയ നിയമം എന്ന നിലയിൽ കരട് നിർദ്ദേശങ്ങളെ നിയമമായി അവതരിപ്പിച്ചു.

പരമ്പരാഗത മത്സ്യതൊഴിലാളികൾ ജാഗ്രതയോടെ പ്രതിരോധിച്ചില്ലെങ്കിൽ കേരളത്തിന്റെ തീരം ദുരന്ത ഭൂമിയാകാൻ ഏറെ നാൾ വേണ്ടിവരില്ല. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണനിയമം മത്സ്യതൊഴിലാളികളെ വറുതിയിലേക്ക് നയിക്കും.

**ബാബു ലിയോൺസ്**



# കേരള സമഗ്ര തീരപരിപാലന പദ്ധതി വിലയിരുത്തിയ തീരദേശ പഠന ശിബിരം അംഗീകരിച്ച പ്രമേയം

ലോകബാങ്കിന്റെ ധനസഹായത്തോടെ ഇന്ത്യയിൽ ഒരു സമഗ്ര തീരപരിപാലന പദ്ധതി (ICZM)നടപ്പാക്കിവരികയാണ്. കേരളത്തിൽ ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയ ഒരു രൂപരേഖ ഇപ്പോൾ അന്തിമഘട്ടത്തിലാണ് ഈ രേഖ ചർച്ച ചെയ്തു വിലയിരുത്താൻ കോസ്റ്റൽ വാച്ച് എന്ന സംഘടന മുൻകൈയെടുത്ത് തീരപ്രദേശത്തെ വിവിധ സാമൂഹ്യ-തൊഴിൽ-തദ്ദേശ ഭരണ സ്ഥാപന-രാഷ്ട്രീയ പ്രവർത്തകരുടെ ഒരു പഠന ശിബിരം നടക്കുകയുണ്ടായി. 2017 ജനുവരി 26-ന് തിരുവനന്തപുരം ഐക്കഫ് സെന്റിൽ ചേർന്ന പ്രസ്തുത യോഗം ഇത് സംബന്ധിച്ച് ഐകകണ്ഠ്യേന അംഗീകരിച്ച പ്രമേയം താഴെ നൽകിയിരിക്കുന്നു.

1. കേരളത്തിൽ 3 വർഷം കൊണ്ട് നടപ്പാക്കാനായി 677 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ 132 കോടി രൂപാ സംസ്ഥാനതലത്തിലും 545 കോടി രൂപാ 9 തീര ജില്ലാ തലങ്ങളിലും ചെലവിടാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ചെറിയ തീര മേഖലയിൽ മാത്രമാണ് ഇത് നടപ്പാക്കുന്നത്.

2. സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയ പദ്ധതി രേഖ ഈ തീരമേഖലയിലെ വിവിധ ജനവിഭാഗങ്ങളുടെ (Stock holders) അഭിപ്രായങ്ങൾ ശേഖരിക്കാതെയും കൂട്ടായ ചർച്ചകൾക്ക് വിധേയമാക്കാതെയുമാണ് തയ്യാറാക്കിയത്. ഇതിൽ ഞങ്ങൾക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇനിയെങ്കിലും ഈ പദ്ധതിയെ കുറിച്ച് ജനാഭിപ്രായങ്ങൾ സ്വരൂപിക്കാനും മാറ്റങ്ങൾ വരുത്താനും ബന്ധപ്പെട്ട അധികൃതർ തയ്യാറാകണം.

3. ഒരു സമഗ്ര തീരപരിപാലന പദ്ധതി കേരള സംസ്ഥാനത്തിന്റെ മുഴുവൻ തീരമേഖലയും കണക്കിലെടുത്തായിരിക്കണം. എന്നാൽ വ്യക്തമായ മാനദണ്ഡങ്ങളില്ലാതെയാണ് 545 കോടി രൂപയുടെ ജില്ലാ പദ്ധതികൾ നടപ്പാക്കുന്ന പരിമിതമായ മേഖലകൾ ഓരോ തീരജില്ലയിലും തെരഞ്ഞെടുത്തിരിക്കുന്നത്. ഇത് ശരിയായ സമീപനമല്ല. ആദ്യം അർഹതാ മാനദണ്ഡങ്ങൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം നടപ്പാക്കുന്ന മേഖലകൾ തെരഞ്ഞെടുക്കുകയുമാണ് ചെയ്യേണ്ടത്.

4. ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ 2011-ലെ തീരപരിപാലന നിയമത്തിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായല്ല കാണുന്നത്. പ്രസ്തുത നിയമത്തിൽ 12 മൈൽ വരെയുള്ള കടൽ മേഖലയും പരിപാലിക്കപ്പെടേണ്ടതായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, നമ്മുടെ മത്സ്യതൊഴിലാളികൾ ആശ്രയിക്കുന്ന കടൽ മത്സ്യസമ്പത്തിന്റെ ഉറവിടമായ ഈ മേഖലയുടെ അടിത്തട്ട് ഉൾപ്പെടെ തിരിച്ചറിയാനും, പ്രത്യേക സമുദ്രഭൂപടങ്ങൾ തയ്യാറാക്കാനും, സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കാനും പരിപാലിക്കാനും ഈ പദ്ധതിയിൽ യാതൊന്നും കാണുന്നില്ലെന്നത് പ്രതിഷേധാർഹമാണ്. അതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

5. കേരളത്തിലെ തീരപ്രദേശം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമായ തീരശോഷണം (Erosion) സംബന്ധിച്ച്, പ്രത്യേകിച്ച് അതിന്റെ കാരണങ്ങളെക്കുറിച്ച്, ഈ പദ്ധതി രേഖ ആശയക്കുഴപ്പമുണ്ടാക്കുന്ന കാര്യങ്ങളും കണക്കുകളുമാണ് നിരത്തിയിരിക്കുന്നത്. ഒരിടത്ത് തീരശോഷണം ഇല്ലെന്നോ അല്ലെങ്കിൽ പ്രകൃത്യാലുള്ളതോ ആണെന്നും, മറ്റൊരിടത്ത് സംസ്ഥാനത്തെ മൂന്നിൽ രണ്ട് തീരവും ഈ പ്രശ്നം നേരിടുന്നതായും പറയുന്നു. കേരളത്തിൽ വ്യാപകമായി കൃത്രിമ തുറമുഖങ്ങൾക്കുവേണ്ടി പുലിമുട്ടുകൾ നിർമ്മിച്ചതും, മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുമാണ് ഈ പ്രശ്നം രൂക്ഷമാക്കിയിട്ടുള്ളതെന്ന് വ്യക്തമായിരിക്കെ അതിനെ മറച്ചു വയ്ക്കാനാണ് ഈ രേഖ ശ്രമിച്ചു കാണുന്നത്. ഈ യാഥാർത്ഥ്യം പദ്ധതിരേഖ അംഗീകരിക്കണം. വിശദമായ തീരപരിപാലന പദ്ധതികൾ ഇനി തയ്യാറാക്കുമ്പോൾ ഇത് കണക്കിലെടുക്കണം.

6. ഈ പദ്ധതിയുടെ ഭാഗമായി 6 ജില്ലകളിൽ തീരശോഷണം നേരിടാനായി കേട്ടറിവില്ലാത്ത ഒരു പുതിയ പരീക്ഷണത്തിന് ഈ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. കരയിൽ നിന്നും 20-25 മീ അകലെ കടലിന്നടിയിൽ രണ്ടോ മൂന്നോ നിരകളിലായി ടെട്രോപോഡുകൾ നിക്ഷേപിച്ച് തീരശോഷണം നേരിടാനാണ് പണം നീക്കി വച്ചിട്ടുള്ളത്. തീരദേശവാസികളുമായോ ചർച്ച ചെയ്യാതെ മറ്റാരുടെയോ താത്പര്യങ്ങൾക്ക് വേണ്ടി പുനഃപരിശോധിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

7. കടലേറ്റത്തിൽ കിടപ്പാടം നശിച്ചു പോയതിനാൽ ഭൂമിയും വീടും നഷ്ടപ്പെട്ട തീരദേശവാസികൾ എല്ലായിടത്തും നിരവധിയുണ്ട്. മാത്രമല്ല, ഇനിയും നിരവധി വീടുകൾ കടലേറ്റ ഭീഷണി നേരിടുകയും ഇനിയുള്ള വർഷങ്ങളിൽ ഭവനരഹിതരാവുകയും ചെയ്യുമെന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെയുള്ളവരെ മാറ്റി പാർപ്പിക്കാനായി ഭൂമി കണ്ടെത്തുകയും ഭവന പദ്ധതികൾ നടപ്പാക്കുകയും ചെയ്യണമെന്നത് തീരപരിപാലന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാകേണ്ടതാണ്. ഈ പദ്ധതി ഇക്കാര്യം പൂർണ്ണമായും അവഗണിച്ചിരിക്കുന്നത് നിർഭാഗ്യകരമാണ്. ഈ നിലപാട് തിരുത്താനും കടലിൽ കല്ലിട്ട് കോൺട്രാക്ടർമാരുടെ കൊള്ളലാഭത്തിന് സഹായിക്കുന്ന പഴയ തീര പരിപാലന സമീപനം തുടരുന്നത് ഉപേക്ഷിക്കാനും ഞങ്ങൾ ആവശ്യപ്പെടുന്നു.

8. സമഗ്രതീരപരിപാലനത്തിന് വേണ്ടി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഈ പദ്ധതിയുടെ പണം തീരപരിപാലനവുമായി ബന്ധമില്ലാത്ത ആവശ്യങ്ങൾക്ക് ചെലവിടാൻ ഉദ്ദേശിക്കുന്നതായും ഈ രേഖ വ്യക്തമാക്കുന്നുണ്ട്. കോഴിക്കോട് കേന്ദ്രമായുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ (CWRDM) കണ്ണൂരിലുള്ള ഉപകേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നതിനും മറ്റും 15 കോടി രൂപാ ഈ പദ്ധതിയിൽ വകയിരുത്തിക്കാണുന്നു. ഇത് ശരിയല്ല, തിരുത്തപ്പെടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

9. കേരളത്തിലെ പരമ്പരാഗത മത്സ്യതൊഴിലാളികളുട കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന ഒരു പരിപാടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ 30 ബിരുദ വിദ്യാർത്ഥികൾക്കും 20 ബിരുദാനന്തര വിദ്യാർത്ഥികൾക്കും മാത്രമായി ഈ പരിപാടി ഒതുക്കിയിരിക്കുകയാണ്. ആവശ്യകത ഇതിലുമെത്രയോ ഇരട്ടി ആണെന്നിരിക്കെ വെറും 5 കോടി മാത്രമാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. ഈ പരിപാടി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിലും തീര പരിപാലന പ്രവർത്തനങ്ങളിൽ തീരദേശത്തെ വിദ്യാർത്ഥികളെ തൽപ്പരരാക്കുന്ന വിധത്തിലും വിപുലപ്പെടുത്തേണ്ടതാണ്.

10. തയ്യാറാക്കപ്പെട്ടിരിക്കുന്ന പദ്ധതി ഒരു സമഗ്ര പദ്ധതി എന്ന നിലയിൽ കണക്കാക്കാൻ കഴിയില്ല. വിവിധ വകുപ്പുകൾക്ക് പണം വീതിച്ചു നൽകി അവർക്കിഷ്ടമുള്ള പദ്ധതി നടപ്പാക്കാൻ കഴിയുന്ന വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. CRZ നിയമത്തിന്റെ ഏറ്റവും പ്രധാന ഉദ്ദേശ ലക്ഷ്യം തീരദേശത്ത് വസിക്കുന്ന മത്സ്യതൊഴിലാളികളുടെ സുരക്ഷിതമായ ജീവിതമാർഗ്ഗം ഉറപ്പാക്കണമെന്നതാണ്. ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുന്ന വിധത്തിൽ നിർദ്ദിഷ്ട പദ്ധതി സമഗ്രമായി പുനഃപരിശോധിക്കണമെന്ന് ഈ സമ്മേളനം ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെടുന്നു.

# മത്സ്യസുസ്ഥിരതയും, കടൽസുരക്ഷയും ഉറപ്പാക്കണം

ഇന്ത്യൻ ലോ ഓൺ മാരിടൈം ജൂറിസ്ഡിക്ഷനുമായി ബന്ധപ്പെട്ട് 2016 ജനുവരി 18,19,20 തീയതികളിൽ എറണാകുളം മഹാരാജാസ് ലോ കോളേജ് സംഘടിപ്പിച്ച ശിൽപശാലയിൽ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് കേരള ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ജോസഫ് സേവ്യർ കുളപ്പുരയ്ക്കൽ അവതരിപ്പിച്ച പ്രബന്ധം.

1981 വരെ കേരളത്തിലെ തീരക്കടലിൽ കാര്യമായ നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ മത്സ്യബന്ധനം നടത്തുവാനുള്ള സാഹചര്യം ഉണ്ടായിരുന്നു. യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗത യന്ത്രം ഘടിപ്പിക്കാത്ത വള്ളങ്ങളും കേരളത്തിന്റെ തീരക്കടൽ കേന്ദ്രമാക്കിയാണ് മുഖ്യമായും മത്സ്യബന്ധനം നടത്തി വന്നിരുന്നത്. പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരുടെ മേഖലയിൽ കയറി യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ മത്സ്യബന്ധനം നടത്തിയതിനെ തുടർന്ന് ഇവർ തമ്മിൽ പലപ്പോഴും തർക്കങ്ങളും അതിനെ തുടർന്ന് വാക്കേറ്റവും തീവയ്പ്പും വരെ ഉണ്ടായി. ഇത് മിക്ക ദിവസങ്ങളിലും ആവർത്തിക്കാൻ തുടങ്ങി. അങ്ങിനെയാണ് കേരള സർക്കാർ 1981 ൽ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് കൊണ്ടുവന്നത്. സംസ്ഥാനത്തിന്റെ അധികാര പരിധിയായ തീരത്തു നിന്ന് 12 നോട്ടിക്കൽ മൈൽ (22 കി.മീ) വരെയുള്ള മേഖലയിലാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. പരമ്പരാഗത വള്ളങ്ങൾ തീരക്കടലിൽ മാത്രം നിന്നുകൊണ്ട് മത്സ്യബന്ധനം നടത്തിയപ്പോൾ യന്ത്രവൽകൃത ബോട്ടുകൾ മത്സ്യം തേടി ഉൾക്കടലിലേയ്ക്കും ആഴക്കടലിലേയ്ക്കും പതിയെ പോകുവാൻ തുടങ്ങി. ഇപ്പോഴത് 200 നോട്ടിക്കൽ മൈൽ വരെ പോകുന്ന സ്ഥിതിയാണുള്ളത്. 12 നോട്ടിക്കൽ മൈലിന് പുറത്ത് ഉൾക്കടലിലും ആഴക്കടലിലും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ പെട്ടതാണ്. എന്നാൽ പ്രത്യക്ഷത്തിൽ നാളിതുവരെ കേന്ദ്രസർക്കാർ ഈ മേഖലയിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു നിയമ നിർമ്മാണവും നടത്തിയിട്ടില്ല. ഈ ബലഹീനത മുതലെടുത്താണ് വിദേശ മത്സ്യബന്ധനക്കപ്പലുകൾ നമ്മുടെ രാജ്യത്തിന്റെ അധികാര പരിധിയിൽ കയറി മത്സ്യബന്ധനം നടത്തുന്നത്. അല്ലെങ്കിൽ മത്സ്യബന്ധനം നടത്തുവാൻ ഭരണാധികാരികൾ മൗനാനുവാദം കൊടുത്തുവന്നത്.

1991 മുതൽ പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളും യന്ത്രവൽക്കരിക്കാൻ തുടങ്ങി. ഔട്ട്ബോർഡിൽ തുടങ്ങി ഇപ്പോൾ 500 Hp വരെയുള്ള ഇൻബോർഡ് വള്ളങ്ങളിൽ ചെന്നുനിൽക്കുന്നു. ഒരു വള്ളത്തിൽ 2 പേർ മുതൽ 7-8 പേർ വരെ പോയിരുന്ന സ്ഥാനത്ത് 70-80 മത്സ്യതൊഴിലാളികൾ വരെ പോകുന്ന രീതി കൈവന്നു. 300 Kg താങ്ങുവല കൊണ്ടു പോയിരുന്ന സ്ഥാനത്ത് 3000 Kg റിംഗ് സീൻ വല കൊണ്ടുപോകുന്ന സാഹചര്യം ഉണ്ടായി. ചുരുക്കിപ്പറഞ്ഞാൽ പരമ്പരാഗതമായി ഉപജീവനത്തിനായി മത്സ്യബന്ധനം നടത്തിയവർ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യബന്ധനം തുടങ്ങി. 28-30-32 അടി ബോട്ടുകളുടെ സ്ഥാനത്ത് ഇപ്പോൾ 15 മീറ്റർ മുതൽ 20 -25 മീറ്റർ വരെ വലിപ്പമുള്ള 250 മുതൽ 450 Hp വരെ എഞ്ചിൻ ഘടിപ്പിച്ച ബോട്ടുകൾ നിലവിൽ വന്നു. രാസമലിനീകരണവും കാലാവസ്ഥ വ്യതിയാനവും തീരക്കടലിലെ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമായി. 41 നദികൾ കടലിലേയ്ക്ക് പതിക്കുന്ന പ്രദേശമാണ് കേരളം. ഈ നദികളിൽ നിന്ന് ഒഴുകി എത്തുന്ന പ്ലവങ്ങളും മത്സ്യങ്ങൾക്ക് ഭക്ഷണത്തിന് ആവശ്യമായ ജൈവാംശങ്ങളും ആണ് നമ്മുടെ കടലിനെ മത്സ്യനിബിഡമാക്കിയതെങ്കിൽ നദികളിലെ നീരൊഴുക്ക് വിവിധ കാരണങ്ങളാൽ കുറഞ്ഞത് മത്സ്യലഭ്യതക്കുറവിന് ആക്കം കൂട്ടി.ബോട്ടുകളും യന്ത്രം ഘടിപ്പിച്ച വള്ളങ്ങളും മത്സ്യം അന്വേഷിച്ച് ഉൾക്കടലിലേയ്ക്കും ആഴക്കടലിലേയ്ക്കും പ്രയാണം ആരംഭിച്ചു.

ഈ കാലയളവിൽ തന്നെ യന്ത്രവൽക്കരണം സർവ്വ സാധാരണമായപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എന്തിനേറെ അന്യ രാജ്യങ്ങളിൽ നിന്നുവരെ മത്സ്യബന്ധനത്തിന് നമ്മുടെ കേരളത്തിന്റെ പുറത്തുള്ള ഉൾക്കടലിലും ആഴക്കടലിലും യാനങ്ങളും കപ്പലുകളും എത്തിക്കൊണ്ടിരുന്നു. അതുകൊണ്ട് തന്നെ നമ്മുടെ തീരക്കടൽ മാത്രം നിയന്ത്രിക്കുന്ന നിയമം കൊണ്ട് കേരളത്തിൽ പ്രവർത്തിക്കുന്ന യാനങ്ങൾ അതും തീരക്കടലിൽ പ്രവർത്തനം മാത്രമേ നിയന്ത്രിക്കുവാൻ കഴിയുമെന്നിരിക്കെ 1981 ലെ മത്സ്യബന്ധന നിയന്ത്രണ നിയമത്തിന്റെ പ്രസക്തി തന്നെ ഇല്ലാതായി.

അതുകൊണ്ട് തന്നെ ഇപ്പോഴത്തെ മത്സ്യബന്ധന രീതി കണക്കിലെടുത്ത് കടലുമായി ബന്ധപ്പെട്ട വിവിധ സംസ്ഥാനങ്ങളുടെയും മത്സ്യത്തൊഴിലാളി സംഘടനകളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന Stake holders നെയും വിശ്വാസത്തിൽ എടുത്ത് വിശദമായ ചർച്ചകൾക്കുശേഷം ഏക ഐക്യരൂപമുള്ള നിയമം കൊണ്ടുവന്ന് മത്സ്യസമ്പത്ത് നിയന്ത്രിച്ച് പിടിക്കാനുള്ള ഒരു നയത്തിന് രൂപം കൊടുത്ത്, മത്സ്യബന്ധന-സംസ്ക്കരണ കയറ്റുമതിയുടെ സുസ്ഥിരത ഉറപ്പ് വരുത്തേണ്ടതാണ്. ഇതിന് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ അഖിലേന്ത്യാ തലത്തിൽ ഏകീകരിക്കേണ്ടതാണ്. മത്സ്യബന്ധനത്തിനുള്ള ലൈസൻസ് അഖിലേന്ത്യാ തലത്തിലോ മേഖലാ അടിസ്ഥാനത്തിലോ ചർച്ചയ്ക്കു ശേഷം തീരുമാനിക്കാവുന്നതാണ്. ചെറു മത്സ്യങ്ങളെ പിടിക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തമായ ദിശയിലുള്ള ചർച്ചകൾക്കുശേഷമേ നിയമ നിർമ്മാണം പാടുള്ളൂ. ശാസ്ത്ര സമൂഹം തന്നെ 50% ത്തിലധികം ചെറു മത്സ്യ യാനത്തിൽ ഉണ്ടെങ്കിൽ മാത്രമേ നടപടി എടുക്കാവൂ എന്നു നിർദ്ദേശിക്കുമ്പോൾ ചെറുമത്സ്യം ഒഴിവാക്കിയുള്ള മത്സ്യബന്ധനം അസാദ്ധ്യമാണ് എന്നല്ലേ സൂചിപ്പിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരുകൾ അവരുടെ മേഖലയിൽ നിയമനിർമ്മാണം നടത്തി വർദ്ധിച്ച തോതിലുള്ള പിഴയും മറ്റും ഈടാക്കുവാൻ തുനിയുമ്പോൾ സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്ക് അവ വഴിവയ്ക്കുമെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ മേഖലാ അടിസ്ഥാനത്തിലെങ്കിലും ഇതിന് പോംവഴി കണ്ടെത്തേണ്ടത് ഇന്നിന്റെ ആവശ്യം തന്നെയാണ്. മറ്റേതൊരു സംസ്ഥാനത്തെയും കിടപിടിക്കുന്ന രീതിയിൽ യാനങ്ങൾ നിർമ്മിക്കുവാൻ കരവിരുതുള്ള നമ്മുടെ നാട്ടിലെ നിർമ്മാണത്തൊഴിലാളികളെയും യാർഡുകളെയും മുഖവിലക്കെടുത്ത് അവരെ പ്രോത്സാഹിപ്പിക്കുന്ന രീതിയാവണം നമ്മുടെ നിയമനിർമ്മാണം. മത്സ്യബന്ധന യാനങ്ങളുടെ നീളം 25 മീറ്ററിലധികം പോകരുതെന്ന നിർദ്ദേശവും ഞങ്ങൾക്കുണ്ട്. Gear Vessel Simulating system ത്തിൽ ഊന്നി എഞ്ചിന്റെ കുതിരശക്തി, യാനത്തിന്റെ ആകൃതി, പ്രൊപ്പലറിന്റെ ഘടന ഇവയെല്ലാം സമജ്ജസമായി ഏകീകരിച്ചാൽ ഇന്ധനലാഭവും അതിലൂടെ കാർബൺഡൈ ഓക്സൈഡ് എമിഷൻ ലഘൂകരിക്കാനും കഴിയും. ഇതിനാവശ്യമായ ഒരു വിദഗ്ദമാർഗ്ഗരേഖ കണ്ടെത്തണമെന്ന് ഞങ്ങൾക്ക് നിർദ്ദേശമുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളെ ചരക്ക് കപ്പലുകൾ ഇടിച്ച് മുക്കുന്ന സംഭവങ്ങൾ കൂടികൂടി വരുകയാണ്. നമ്മുടെ കടലിലൂടെയുള്ള കപ്പലുകളുടെ പ്രയാണം വർദ്ധിച്ചതാണ് ഇതിന് മുഖ്യകാരണം. ഇപ്പോൾ പ്രതിദിനം നാലായിരത്തിലധികം കപ്പലുകൾ അറബിക്കടലിലൂടെ അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നുണ്ടെന്നാണ് കൊച്ചിൻ പോർട്ട് അധികാരികൾ തന്നെ പറയുന്നത്. ഇവർക്ക് ഒരു നിശ്ചിത പാത ക്രമീകരിച്ചാൽ അപകട സാധ്യത കുറയ്ക്കുവാൻ സാധിക്കും.

2009 ൽ ലോക ബാങ്കിന്റെ സഹായത്തോടെ CMFRI യുടെ നേതൃത്വത്തിൽ നമ്മുടെ ആഴക്കടലിൽ പഠനം നടത്തിയപ്പോൾ 25 ലക്ഷം കിലോ Oceanic squid ഉണ്ടെന്ന് കണ്ടെത്തി. എന്നാൽ 1 Kg Oceanic കൂന്തൽ പോലും നമ്മുടെ കടലിൽ നിന്നും നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് പിടിച്ച് കരക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ചൈന, തൈവാൻ, കൊറിയ, ഒമാൻ മുതലായ രാജ്യങ്ങളുടെ കപ്പലുകൾ ഇവിടെ വന്ന് ഈ മത്സ്യസമ്പത്ത് നിഷ്ഠൂരം പിടിച്ച് കടത്തുകയാണ്. നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് മറ്റ് രാജ്യങ്ങൾക്ക് അടിച്ചുമാറ്റാൻ വേണ്ടിയുള്ള ഗവേഷണം നമുക്ക് വേണോ? ഇതിനെക്കുറിച്ചും കൃത്യമായ നിയമനിർമ്മാണവും ശിക്ഷയും വേണ്ടതല്ലേ? ഇന്നത്തെ ഈ സങ്കീർണ്ണമായ പരിതസ്ഥിതിയിൽ കൂട്ടായ ചർച്ചയിൽ ഊന്നി നമ്മുടെ ഭാരതത്തിന്റെ മത്സ്യസുസ്ഥിരതയും സുരക്ഷയും ഉറപ്പാക്കിയുള്ള നയരൂപീകരണവും നിയമ നിർമ്മാണവും അത്യന്താപേക്ഷിതമാണ്.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Orange Press, Thiruvananthapuram.
Editor : T. Peter, Mobile : 8289905239, E-mail : alakalfortnightly@gmail.com, peter.ksmtf@gmail.com